ശ്രീ. കെ. ടി. അച്യുതൻ: ബീഡിത്തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടി സംബന്ധിച്ച് കേന്ദ്രഗവണ്മെന്റുതന്നെ ഒരു നിയമം ഉണ്ടാക്കണമെന്ന തീരുമാനിച്ചിരിക്കുകയാണ്. അങ്ങനെയൊരു തീരുമാനമെടുത്ത കാര്യം പത്രങ്ങളിലൊക്കെ വന്നിട്ടുള്ളതാണ്. കേന്ദ്രഗവണ്മെന്റ് ഒരു നിയമമുണ്ടാക്കിയാൽ മാത്രമേ അതു് ഇവിടെ നടപ്പിൽവരുത്താൻ സാധിക്കുകയുള്ളൂ.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ഇതേ സംബന്ധിച്ചുള്ള റൂളിംഗ് കൊടുക്കുന്നതിനു് മുൻപായി രണ്ടു വാക്കു് എനിക്കു് പറയുവാനുണ്ടു്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ ഭാഗത്തുനിന്നു് യാതൊരു കുഴപ്പവുമുണ്ടായിട്ടില്ല.

Mr. Speaker: There is no scope for a discussion. I will give a ruling now.

Shri T. C. Narayanan Nambiar: Before you give a Ruling, Sir, I have to make a submission. This is an adjournment motion which this House may be allowed to discuss, because this is a very urgent and important matter which affects the life of a lakh of workers.

Mr. Speaker: The Members will be getting time for discussion on the Governor's Address and Budget. So, I do not find it absolutely necessary to have a discussion now. I withhold my consent to the moving of the motion.

V. Maintenance of law and order in Panur and the surroun ding places in Tellicherry Taluk.

Mr. Speaker: Shri P. Abdul Majid has given notice of a motion under Rule 49 regarding the maintenance of law and order in Panur and the surrounding places in Tellicherry Taluk. I call upon the Minister to make a statement.

Minister for Home Affairs (**Shri P. T. Chacko**): Sir, I received this notice only by 7.50 A. M. today. I tried to contact the concerned Officers in Cannanore, but I could not get the necessary information to state the facts now. I may be allowed to do so tomorrow.

Mr. Speaker: The Minister will do so tomorrow.

VI. Repression by Special Armed Police on people at Kottikulam.

Mr. Speaker: I have received a notice under Rule 49 from Shri P. M. Kunhiraman Nambiar regarding alleged repression on the people at Kottikulam by the Special Armed Police. I call upon the Minister to make a statement.

Minister for Home Affairs (**Shri P. T. Chacko**): Sir, in this case also I must get information from Cannanore. I did not get enough time for that. I will reply tomorrow.

Mr. Speaker: The Minister will reply tomorrow.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Delay in the disbursement of grants for the years 1962 to 1963 to the Libraries affiliated to the Kerala Grandha Sala Sangham.

Mr. Speaker: I have received notice under Rule 61 from Shri E. P. Gopalan regarding the delay in the disbursement of grants for the years 1962-63 to the libraries affiliated to the Kerala Grandha Sala Sanghom. I call upon Shri E. P. Gopalan to make a statement

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ഗോപാലൻ: സ്പീക്കർ സർ, മിസ്റ്റർ ആർ. ശങ്കർ അദ്ധ്യക്ഷനായിരിക്കുന്ന കേരള ഗ്രന്ഥശാലാ സംഘത്തോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള രണ്ടായിരത്തിൽപരം ഗ്രന്ഥശാലകൾക്ക് 1962-63 ലേക്ക് അനുവദിച്ചിട്ടുള്ള ഗ്രാൻറ് ഇനിയും കൊടുത്തു കഴിഞ്ഞിട്ടില്ലെന്നുള്ള വസ്തുത ബന്ധപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ പ്രസ്താവന ചെയ്യുന്നത്. 1963-64 ലെ ഗ്രാൻറ് കൊടുക്കുന്നതിനും മറ്റുമായിട്ട് ഗ്രന്ഥശാലകളുടെ ഗ്രഡേഷൻ നടത്തുന്നതിനുള്ള മൂന്നു റീജിയനൽ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നതായി ഞാൻ അറിയുന്നു. എന്നാൽ 1962-63 ലേക്ക് കൊടുക്കേണ്ട ഗ്രാൻറ് ഇതുവരെയും കൊടുത്തുകഴിഞ്ഞിട്ടില്ലെങ്കിൽ ബഹുഭൂരിപക്ഷം ഗ്രന്ഥശാലകളുടെ കേസുകളിലെങ്കിലും എന്തിൻറെ അടിസ്ഥാനത്തിലാണ് ഗ്രഡേഷൻ നടത്തുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. 1962-63 ലെ ഗ്രാൻറ് പാസ്സാക്കിക്കൊടുത്ത ഗ്രന്ഥശാലകളുടെ എണ്ണം മിക്കവാറും അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകളിൽ 10 ശതമാനത്തിനു താഴെ മാത്രമേ വരികയുള്ളൂ. ബിൽ പാസ്സാക്കി അയച്ചു കൊടുത്തതുതന്നെ 1963 മാർച്ച് 30-ാംതീയതിക്ക് കിട്ടത്തക്കവിധത്തിലാണ്. 1963 മാർച്ച് 30-ാംതീയതി ബിൽ കിട്ടിയ കേസുകളിൽ ചില ഗ്രന്ഥശാലക്കാർ അന്നുതന്നെ ക്യാഷ് ചെയ്യുകയുണ്ടായി. അതു ആകെയുള്ളതിൻറെ ഒരു ശതമാനം വരുമോ എന്നുള്ള കാര്യം സംശയമാണ്. ചില ഗ്രന്ഥശാലകൾക്ക് ബിൽ കിട്ടിയെങ്കിലും ട്രഷറിയിൽ ചെന്നപ്പോഴാണ് ബിൽ അയച്ചതിൻറെകൂടെ ഇൻറിമേഷൻ അയച്ചിട്ടില്ലെന്നു മനസ്സിലായതു്. അതുകൊണ്ട് ബിൽ ക്യാഷ് ചെയ്യാൻ സാധിച്ചില്ല. ചില ഗ്രന്ഥശാലകൾക്ക് 1963 മാർച്ച് 30-ാംതീയതിക്ക് ക്യാഷ് ചെയ്യേണ്ട ബിൽ 1963 ഏപ്രിൽ 1, 2, 3 തീയതികളിലാണ് കിട്ടിയതു്. വളരെ ഭംഗിയായിട്ടുണ്ട്. അവർക്കു സ്വാഭാവികമായി ബില്ലുകൾ മാറാൻ കഴിഞ്ഞില്ല. പ്രീ ആഡിറ്റു വേണ്ടിവരുന്നതിനാൽ ഇത്തരം ബില്ലുകൾ തിരിച്ചയച്ചു. ഇപ്പോൾ നോക്കുകയാണെങ്കിൽ ആകെയുള്ള ഗ്രന്ഥശാലകളിൽ അഞ്ചു ശതമാനത്തിനു പോലും 1962-63 ലെ ഗ്രാൻറ് കിട്ടിക്കഴിഞ്ഞിട്ടില്ല. ഇതിനുമുൻപും ഈ വിഷയം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അന്നൊക്കെയും കൊടുക്കാൻ വേണ്ടിയുള്ള കൽപ്പന ആയിക്കഴിഞ്ഞു എന്നു പറഞ്ഞതല്ലാതെ യഥാർത്ഥത്തിൽ ഇതുവരെ 1962-63-ലെ ഗ്രാൻറ് ബഹുഭൂരിപക്ഷം ഗ്രന്ഥശാലകൾക്കും കൊടുത്തിട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. 1962-63-ലെ ഗ്രാൻറ് കൊടുത്തു് ആ പണംകൊണ്ട് ഗ്രന്ഥശാലകൾക്കു പുസ്തകം വാങ്ങാനോ മറ്റു ചെലവുകൾ നിർവഹിക്കാനോ കഴിയാതെയിരിക്കുന്ന ഒരു പരിതഃസ്ഥിതിയിൽ 1963-64 ലെ ഗ്രാൻറ് കൊടുക്കാനുള്ള ഇടപാടുകൾ നടക്കുകയാണ്. ഈ പരിഹാസ്യമായ നില തുടർന്നു പോയിക്കൂടാ. കേരള ഗ്രന്ഥശാലാ സംഘത്തോട് അഫിലിയേറ്റു ചെയ്തിട്ടുള്ള മുവായിരത്തിൽ ചിലപ്പോൾ വായനശാലകളിൽ ഭൂരിപക്ഷത്തിനും പ്രതിവർഷ ഗ്രാൻറ് എത്ര യാണെന്നറിയാമോ? 100 രൂപ, 100 രൂപയാണ് ഗവണ്മെൻറ് കൊടുക്കുന്നതു്. മാസത്തിൽ എട്ടിൽ ചിലപ്പോൾ രൂപ എന്നർത്ഥം. ഡി.ഇ.ഓ. അല്ലെങ്കിൽ ഏ. ഇ. ഓ. ആ തുക ശരിയായിതന്നെ ചെലവുചെയ്തോ എന്നു ഒരു പരിശോധനയും നടത്തുന്നില്ല. മാസത്തിൽ എട്ടിൽ ചിലപ്പോൾ രൂപാ ഗവണ്മെൻറ് കൊടുക്കുന്നതു് ശരിയാംവണ്ണമാണോ ചെലവാക്കിയതെന്നു ഇതുവരെ പരിശോധിച്ചു തീർന്നിട്ടില്ല എന്നാണോ? അതു പരിശോധിച്ചു 1962-63 ലെ ഗ്രാൻറു ഇതുവരെ കൊടുക്കാറായിട്ടില്ല. ഈ നില അവസാനിപ്പിക്കണം. ഒന്നുകിൽ ആണ്ടുതോറുമുള്ള ഗ്രാൻറ് തക്കസമയത്തു് കൊടുക്കുക, ഇല്ലെങ്കിൽ ഇല്ലെന്നു പറയുക. മലബാർ ഭാഗത്താണെങ്കിൽ യാതൊരു സഹായധനവും കൂടാതെയാണ് മുൻപു് ഗ്രന്ഥശാലകൾ പ്രവർത്തിച്ചുകൊണ്ടിരുന്നതു്. തിരുവിതാംകൂറിലും കൊച്ചിയിലും കൊടുത്തപ്പോൾ മലബാറിലും കിട്ടുന്നതു് നല്ലതല്ലേ എന്നു വിചാരിച്ചു. ഇപ്പോൾ കൊടുക്കാമെന്നു പറയുന്നതല്ലാതെ അതു് തക്കസമയത്തു കൊടുക്കുന്നില്ല. അതുകൊണ്ടു ഇനിയെങ്കിലും വൈകാതെ ഗ്രഡേഷൻ പരിശോധന നടത്തുന്നതിനുമുൻപു് ബാക്കിയുള്ള വായനശാലകൾക്ക് നിർബന്ധമായും അനുവദിച്ച ഗ്രാൻറ് കൊടുക്കണം. അതല്ലെങ്കിൽ ഇന്നയിന്ന ഗ്രന്ഥശാലകൾക്ക് ഗ്രാൻറില്ലെന്നു പ്രഖ്യാപിക്കണം. രണ്ടിലൊന്നു് എത്രയും ചില ദിവസങ്ങൾക്കകം ഗവണ്മെൻറ് ചെയ്യാൻ തയ്യാറില്ലെങ്കിൽ വളരെ മോശ

[ശ്രീ. ഇ. പി. ഗോപാലൻ]

പ്പെട്ട സ്ഥിതിയാണു് ഈ രംഗത്തു് ഉണ്ടാകാൻ പോകുന്നതു്. ചില ഗ്രന്ഥശാലകളിൽപോയിക്കണ്ടിട്ടുള്ള അനുഭവംകൊണ്ടാണു ഞാനിതു പറയുന്നതു്. അവർ എന്തെല്ലാമാണു് പറയുന്നതെന്നു കേൾക്കാൻപോലും ഗവണ്മെന്റു് തയ്യാറില്ല. സർക്കാർ കൊടുക്കുന്നതിലും എത്രയോ വലിയ സംഖ്യ ഗ്രന്ഥശാലകം പിരിച്ചുണ്ടാക്കി ചിലവിടുന്നുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ കൽപ്പന അയച്ചു എന്നു തൃപ്തിപ്പെട്ടിരിക്കാതെ എന്തുകൊണ്ടാണു് കൊടുക്കാത്തതു്, എത്ര കേസുകളിൽ കൊടുക്കാതിരിക്കുന്നുണ്ടു്, ബില്ലുകം എവിടെയാണു് ഇപ്പോം തടഞ്ഞു കിടക്കുന്നതു് എന്നെല്ലാം പരിശോധിച്ചു് അതൊന്നു പുറത്തെടുത്തു് കൊടുക്കേണ്ടതു് അത്യാവശ്യമാണെന്നു മാത്രമേ ഞാൻ ഇപ്പോം ഇവിടെ പ്രസ്താവിക്കുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

Chief Minister (**Shri R. Sankar**): Sir, I will give the reply another day.

Panel of Chairmen.

Mr. Speaker : Under Rule 9 of the Rules of Procedure and Conduct of Business. I nominate the following members to the Panel of Chairmen for the current Session:

1. Shri K. M. George,
2. „ P. S. Srinivasan, and
3. „ P. Narayanan Tampi.

PAPERS LAID ON THE TABLE

Cheif Minister (**Shri R. Sankar**): Sir I lay on the Table :—

(1) The General Sales Tax (Validation) Ordinance, 1964 (Ordinance No. 1 of 1964), promulgated by the Governor on the 1st day of January, 1964.

(2) A copy each of the following notifications issued by the Government under Section 36 of the Kerala Education Act, 1958 (Act 6 of 1959) containing amendments to the Kerala Education Rules, 1959:—

(i) Notification G. O. (P) No. 716/63/Edn. dated 21st October, 1963 (S. R. O. No. 736/63).

(ii) Notification G. O. (P) No. 753/63/Edn. dated 5th November, 1963 (S. R. O. No. 740/63).

(iii) Notification G. O. (MS) 768/63/Edn. dated 18th November, 1963 (S. R. O. No. 768/63).

(iv) Notification G. O. (P) 775/63/Edn. dated 23rd November, 1963 (S. R. O. No. 762/63).

(3) A copy of Notification G. O. MS. 894/63/Rev. dated 29th November, 1963 (S. R. O. No. 772/63) issued by the Government under Section 57 of the Kerala General Sales Tax Act, 1963 (Act 15 of 1963) containing amendments to the Kerala General Sales Tax Rules, 1963.

Minister for Home Affairs (**Shri P. T. Chacko**) : Sir, I lay on the Table :—

(1) The Kerala Tenants and Kudikidappukars Protection (Amendment) Ordinance, 1963 (Ordinance No. 4 of 1963), promulgated by the Governor on the 31st day of December, 1963.

(2) A copy of Notification No. G. O. MS. 861/63/Rev. dated 7th November, 1963 (S. R. O. No. 743/63) issued by the Government under Section 7 of the Kerala Government Land Assignment Act, 1960

LIBRARY ARCHIVES Kerala Legislative Assembly